പതിനാലാം കേരള നിയമസഭ

11-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2900 — 18.06.2018-ൽ മറുപടിക്ക്

അത്തിക്കയം വില്ലേജിലെ കൈവശ ഭൂമിക്ക് പട്ടയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം | | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | റാന്നി താലൂക്കിലെ അത്തിക്കയം വില്ലേജിലെ മടന്തമൺ തെക്കേത്തൊടി നിവാസികൾക്ക് കൈവശ ഭൂമിക്ക് പട്ടയം അനുവദിച്ചത് എന്നാണ്; ആകെ എത്ര ഭൂമിക്കാണ് പട്ടയം അനുവദിച്ചത്; എത്ര കൈവശ കർഷകർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് എന്നാണ് പുറത്തിറക്കിയത്; | (എ) | റാന്നി താലൂക്കിലെ അത്തിക്കയം വില്ലേജിലെ മടന്തമൺ തെക്കേത്തൊടി പ്രദേശ നിവാസികൾക്ക് പട്ടയം അനുവദിച്ചിട്ടില്ലാത്തതാണ്. ടി പ്രദേശത്തെ 24.0487 ഹെക്ടർ ഭൂമിയ്ക്കാണ് പട്ടയം ലഭിക്കേണ്ടത് . ആകെ 214 കൈവശങ്ങളാണ് ടി പ്രദേശത്ത് ഉള്ളത്. ടി പ്രദേശത്ത് പട്ടയം നൽകുന്നതിന് സർക്കാർ ഉത്തരവ് പുറത്തിറക്കിയിട്ടില്ല |
| (ബി) | തെക്കേത്തൊടിയിൽ കർഷകർക്ക് അനുവദിച്ച പട്ടയം വിതരണം ചെയ്യാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ; ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ; ഇവർക്ക് എന്നത്തേക്ക് പട്ടയം വിതരണം ചെയ്യാൻ കഴിയുമെന്ന് പ്രഖ്യാപിക്കാമോ? | (ബി) | അത്തിക്കയം വില്ലേജിലെ സർവ്വെ 781/1-ൽ ഉൾപ്പെടുന്ന പ്രദേശമാണ് തെക്കേത്തൊട്ടി. ടി പ്രദേശം വില്ലേജ് റിക്കാർഡിൻപ്രകാരം വനഭൂമി എന്ന് കാണുന്നു. എന്നാൽ 01/01/1977 -ന് മുമ്പുള്ള വനഭൂമി കൈയ്യേറ്റപ്രദേശമാണെങ്കിലും സംയുക്ത പരിശോധനാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഇവർക്ക് പട്ടയം നൽകുന്ന വിഷയം വനം വകുപ്പുമായി ചേർന്ന് പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ